# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.2/670/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 12/04/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലയിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.2/670/21 തീയ്യതി: 12/04/2021

## തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ. കെ. | ഡെപ്യൂട്ടി ഡയറക്ടർ | 19-03-2021 | 30-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-03-2021 | 30-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മേരി ആൻഡ്രൂസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽകുമാർ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.അനിഷ.എസ്.ബി, സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ
ശ്രീമതി.ആര്യകൃഷ്ണൻ.എ.ആർ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി.വൈ.ലേഖ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ബാബു.സി | സെക്രട്ടറി | 01-04-2019 | 31-07-2019 |
| ശ്രീമതി.ജൂലി ലോറൻസ് | സെക്രട്ടറി | 01-08-2019 | 02-08-2019 |
| ശ്രീ.എസ്.ഒ.ഷാജികുമാർ | സെക്രട്ടറി | 03-08-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഡി.മലർ | കൃഷി ഓഫീസർ | 01-04-2019 | 30-11-2019 |
| ശ്രീമതി.ഷീന.എസ്.എൽ | കൃഷി ഓപീസർ | 01-12-2019 | 31-03-2020 |
| ശ്രീമതി.സന്ധ്യ | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീ.ജെനേഷ് | വി.ഇ.ഒ(1) | 01-04-2019 | 31-03-2020 |
| ശ്രീ.ശിവകുമാർ | വി.ഇ.ഒ(11) | 01-04-2019 | 31-03-2020 |
| ശ്രീ. പ്രദീപ്.എസ്.വി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.വിജയശ്രീ.എം | ഐ.സി.ഡി.എസ് | 01-04-2019 | 30-11-2019 |
| ശ്രീമതി.വിജയറാണി | ഐ.സി.ഡി.എസ് | 01-12-2019 | 31-03-2020 |
| ശ്രീമതി.സിന്ധു.വി.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ഡോ.അനുരാധ.എ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ലതാകുമാരി | മെഡിക്കൽ ഓഫീസർ( ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ഐഡ പേർലിൻ തങ്കം | മെഡിക്കൽഓഫീസർ(ഹോമിയോ) | 01-04-2019 | 03-11-2019 |
| ഡോ.റീജ | മെഡിക്കൽഓഫീസർ(ഹോമിയോ) | 04-11-2019 | 31-03-2020 |
| ശ്രീമതി.സുമ.എസ്.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: ANISHA . S.B (Senior Grade Auditor, On 26-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2 |
| 3 | ലൈബ്രറി ഗ്രാന്റ് ചെലവഴിച്ചെങ്കിലും ബാദ്ധ്യതയായി നിലനിൽക്കുന്നു<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-1 |
| 4 | ചെലവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടല്ല<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-2 |
| 5 | വിവിധ ഫണ്ടുകളുടെ വരവ്- എ.എഫ്.എസ് പ്രകാരമുള്ള വരവ് എ.സിആർ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-3 |
| 6 | രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-4 |
| 7 | ഗുണഭോക്തൃ വിഹിതം ഇനത്തിൽ നിലനിൽക്കുന്ന തുക- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-5 |
| 8 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-6 |
| 9 | സ്റ്റോക്ക്- മൂല്യ നിർണയം നടത്തിയിട്ടില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-7 |
| 10 | പാസ് ബുക്ക്, ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-2-8 |
| 11 | രസീത് പ്രകാരമുള്ള തുകയും കളക്ഷൻ രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-3 |
| 12 | രസീത് പ്രകാരമുള്ള തുകയും ഡി.സി.ബി രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-3-1 |
| 13 | ഫണ്ട് വിനിയോഗം<br>Written By: ANISHA . S.B (Senior Grade Auditor, On 27-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-4 |
| 14 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 27-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-4-1 |
| 15 | വിവിധ ഗ്രാന്റുകൾ വിനിയോഗിക്കാൻ അവശേഷിക്കുന്നു.<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021) | 1-4-2 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 12-04-2021) | |
| 16 | ക്ഷേമ പദ്ധതികൾ<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-6 |
| 18 | തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യപത്രികയിലെ തുക ഇ.എഫ്.എം.എസ് തുകയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: AnilKumar R (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-6-1 |
| 19 | കമ്മിറ്റികളുടെ പ്രവർത്തനം<br>Written By: Mary Andrews (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-7 |
| 20 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി<br>Written By: Mary Andrews (Audit Officer, On 31-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-7-1 |
| 21 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-8 |
| 22 | അവധികൾ ക്രമീകരിക്കണം<br>Written By: Mary Andrews (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-9 |
| 23 | ദുരന്തനിവാരണ ആസൂത്രണം--തുക തിരികെ ഈടാക്കിയിട്ടില്ല.<br>Written By: Raju. S (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-10 |
| 24 | ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-11 |
| 25 | മാനവൽ രസീതുകളുടെ ക്യാൻസലേഷൻ<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-12 |
| 26 | യാത്രാ ബത്തകൾ--രേഖകളുടെ കൃത്യത ഉറപ്പു വരുത്തിയിട്ടില്ല.<br>Written By: Raju. S (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-13 |
| 27 | ലൈഫ് ഭവനപദ്ധതി -അനർഹർക്ക് നൽകിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-14 |
| 28 | മോണിറ്ററിംഗ് നടത്തിയിട്ടില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: Mary Andrews (Audit Officer, On 31-03-2021) | 1-15 |
| 29 | അവസ്ഥാ രേഖ പ്രകാരമുള്ള പദ്ധതി രൂപീകരിച്ചില്ല.<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-16 |
| 30 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-17 |
| 31 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: AnilKumar R (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-18 |
| 32 | ജാഗ്രത സമിതി നടപ്പിലാക്കിയിട്ടില്ല.<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-19 |
| 33 | കാലാവധി ദീർഘിപ്പിക്കൽ പിഴ ഈടാക്കിയിട്ടില്ല<br>Written By: AnilKumar R (Senior Grade Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-20 |

| | | |
|---|---|---|
| 34 | റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: Mary Andrews (Audit Officer, On 31-03-2021) | 1-21 |
| 35 | പഞ്ചായത്ത് പരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-22 |
| 36 | ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്തുന്നില്ല-വൻ തുക നഷ്ടപ്പെടാൻ സാധ്യത.<br>Written By: Raju. S (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-23 |
| 37 | നടപടികൾ സ്വീകരിക്കാത്ത മുൻ റിപ്പോർട്ട് പരാമർശങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 1-24 |
| **ഭാഗം 2** | | |
| 1 | കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല<br>Written By: Mary Andrews (Audit Officer, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 2-1 |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികളുടെ വിവരം<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mary Andrews (Audit Officer, On 29-03-2021)<br>Last Updated By: Mary Andrews (Audit Officer, On 31-03-2021) | 4-3 |
| 4 | വായ്പ -വായ്പ തിരിച്ചടവ് വിവരങ്ങൾ<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: Mary Andrews (Audit Officer, On 31-03-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: Mary Andrews (Audit Officer, On 31-03-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റിൽ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: Mary Andrews (Audit Officer, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ<br>Written By: Mary Andrews (Audit Officer, On 30-03-2021)<br>Last Updated By: Mary Andrews (Audit Officer, On 30-03-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: ANISHA . S.B (Senior Grade Auditor, On 29-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Arya Krishnan A.R (Auditor, On 30-03-2021)<br>Last Updated By: K Sreeja (Deputy Director, On 12-04-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

കൊല്ലയിൽ ഗ്രാമ പഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ബജറ്റ് 25.2.2020 ലെ 1(1)ാം നമ്പർ തീരുമാന പ്രകാരം പാസ്സാക്കിയിട്ടുണ്ട്. ഇത് പ്രകാരം വരവ് (പ്രാരംഭ ബാക്കി ഉൾപ്പെടെ) 29,86,75,587/-രൂപയും ചെലവ് 29,24,69,984/-രൂപയും നീക്കിയിരിപ്പ് 62,05,603/-രൂപയും ആണ്. 27.2.20 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 25.3.2020 ലെ 5(1)ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 15.6.2020 | - | - |

### 1-2-1 ലൈബ്രറി ഗ്രാന്റ് ചെലവഴിച്ചെങ്കിലും ബാദ്ധ്യതയായി നിലനിൽക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈബ്രറി ഗ്രാന്റിനത്തിൽ 15,580/-രൂപ വരവ് വന്നിട്ടുണ്ട്(RP H/A No. 320200308). ഈ തുക 256100101 ഹെഡ് പ്രകാരം ചെലവഴിച്ചിട്ടുണ്ടെങ്കിലും ലെഡ്ജർ, ബിൽ രജിസ്റ്റർ എന്നിവ പ്രകാരം ഈ തുക 543862/16.7.19 നമ്പർ ചെക്ക് പ്രകാരം പുസ്തകം വാങ്ങുന്നതിലേക്കായി കേരള ബുക്ക് മാർക്ക് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്). എന്നാൽ 2019-20 ബാലൻസ് ഷീറ്റ് പ്രകാരം തുക ബാദ്ധ്യതയായി നിലനിൽക്കുന്നു.

### 1-2-2 ചെലവുകൾക്ക് പ്രൊവിഷൻ നൽകിയിട്ടില്ല

2019-20ൽ കടിശ്ശികയായ ചെലവുകൾക്കായി ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ നൽകിയിട്ടില്ല. എന്നാൽ 2020 മാർച്ച് മാസത്തെ ടെലഫോൺ ചാർജ്ജ്, വാഹന ഇന്ധന ചെലവ് എന്നിവയ്ക്ക് 2020 ഏപ്രിൽ മാസത്തെ വൗച്ചർ പ്രകാരം ചെലവുണ്ട്.

### 1-2-3 വിവിധ ഫണ്ടുകളുടെ വരവ്- എ.എഫ്.എസ് പ്രകാരമുള്ള വരവ് എ.സിആർ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

വിവിധ ഫണ്ടുകളുടെ വരവ്- എ.എഫ്.എസ് പ്രകാരമുള്ള വരവ് എ.സിആർ/ ഗ്രാന്റ് സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | എ.എഫ്.എസ് പ്രകാരമുള്ള വരവ് | എ.സി.ആർ പ്രകാരമുള്ള വരവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 10867146 | 11256272 |
| വികസന ഫണ്ട് (എസ്.സി.പി) | 7379220 | 9770412 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 32194 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6455648 | 11979953 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 1748105 | 2886000 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 2974495 | 4812000 |

### 1-2-4 രജിസ്റ്ററുകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിലെ വാർഷിക ധനകാര്യ പത്രികയിലെ വിവിധ വരവുകൾ അനുബന്ധ രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. അപാകത ഓഡിറ്റ് എൻക്വയറി 1 പ്രകാരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്

### 1-2-5 ഗുണഭോക്തൃ വിഹിതം ഇനത്തിൽ നിലനിൽക്കുന്ന തുക- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം (ബാലൻസ് ഷീറ്റ് -ബി 4) ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത 65,805/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതവുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശങ്ങൾ ഓഡിറ്റ് എൻക്വയറി 1 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം,ആയതിന്റെ ചെലവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ (വർഷം, പദ്ധതി തിരിച്ച്) ലഭ്യമാക്കേണ്ടതാണ്.

## 1-2-6 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62(എഫ്) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-7 സ്റ്റോക്ക്- മൂല്യ നിർണയം നടത്തിയിട്ടില്ല.

സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റിൽ (B-14 Stock In Hand (Inventories)) ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-8 പാസ് ബുക്ക്, ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

1) RP-40(B) ഷെഡ്യൂളിൽ DCB Own Fund-21201200016 (450230101) എന്ന അക്കൌണ്ടിലെ നീക്കിയിരിപ്പ് 2,20,583/- രൂപയാണ്. ഈ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക്, ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2) RP-40(B) ഷെഡ്യൂളിൽ SBI- WGDP-67274847650 (450410103) എന്ന അക്കൌണ്ടിലെ നീക്കിയിരിപ്പ് 1,154/- രൂപയാണ്. ഈ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക്, പാസ് ബുക്ക്, ബാങ്ക് റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/26.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 രസീത് പ്രകാരമുള്ള തുകയും കളക്ഷൻ രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

രസീത് പ്രകാരം കളക്ഷൻ നടത്തുന്ന തുക അതാത് വരവിനങ്ങളുടെ ഡിമാൻറ് രജിസ്റ്ററിൽ കളക്ഷനായി രേഖപ്പെടുത്തുന്നില്ല. ഇ.എം.ഡി രജിസ്റ്റർ, അദർ ഡെപ്പോസിറ്റ് രജിസ്റ്റർ, റിടെൻഷൻ രജിസ്റ്റർ, അസറ്റ് രജിസ്റ്റർ, റിക്കവറി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ബി- ഫണ്ട് രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.08/25.03.2021, നം. 29/27.03.2021) എന്നിവയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3-1 രസീത് പ്രകാരമുള്ള തുകയും ഡി.സി.ബി രജിസ്റ്ററിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1. തൊഴിൽ നികുതി ഒന്നാം അർദ്ധ വർഷത്തിൽ സതേൺ റെയിൽവേയിൽ നിന്നും 11905900048/13.02.2020 പ്രകാരം 10,000/- രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ദിവസത്തെ ഡേ ബുക്കിൽ തുകയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.
2. തൊഴിൽ നികുതി രണ്ടാം അർദ്ധ വർഷത്തിൽ സതേൺ റെയിൽവേയിൽ നിന്നും 10,000/- രൂപ വരവ് വന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ ഒടുക്കു വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
3. ഗവ. ഐ.ടി.ഐ, ധനുവച്ചപുരത്തിൻറെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതിയായ 1,22,500/- രൂപ 19/02/2020-ന് സെക്രട്ടറിയുടെ അക്കൌണ്ടിൽ ട്രാൻസ്ഫർ ചെയ്തിട്ടുള്ളതായി സ്ഥാപനം സ്റ്റേറ്റ്മെൻറ് സമർപ്പിച്ചിട്ടുണ്ട്. 11905900070/04.02.2020, 11905900070/04.03.2020 എന്നീ രസീതുകൾ പ്രകാരം പ്രസ്തുത തുക വരവ് വന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, പ്രസ്തുത ദിവസത്തെ ഡേ ബുക്കിൽ തുകയുടെ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (എ.സി.ആർ പ്രകാരം) | കുറിപ്പ് (ക്യൂ ബിൽ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11256272 | 11256272 | 10867146 | 389126 | 348351 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 9770412 | 9770412 | 7379220 | 2391192 | 1190537 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 0 | 32294 | 32294 | 0 | 32194 | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11979953 | 11979953 | 6455648 | 5524305 | 3936959 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 2886000 | 2886000 | 1748105 | 1137895 | 1035996 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 0 | 4812000 | 4812000 | 2974495 | 1837505 | 1029796 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 9052 | 1591641 | 1600693 | 1597683 | 3000 | - |
| Centrally Sponsored Scheme -TSC | 229920 | 0 | 229920 | 0 | 229920 | -- |
| Centrally Sponsored Scheme | 1740 | 0 | 1740 | 0 | 1740 | - |

| | | | | | | |
|---|---|---|---|---|---|---|
| (WGDP) | | | | | | |
| Centrally Sponsored Scheme(ICDS) | 1368090 | 1038157 | 2406247 | 700000 | 1706247 | - |
| Library Grant | 0 | 15580 | 15580 | 0 | 15580 | - |
| Grants-Funds Contributions For Specific Purposes-Other Govt Agencies-Total Sanitation | 608015 | 0 | 608015 | 0 | 608015 | - |
| Grants Funds & Contributions For Specific Purposes | 50000 (വിമുക്തി) | 26300000 (ലൈഫ് ഭവന പദ്ധതി) | 31300000 | 26308200 | 41800 (വിമുക്തി ഫണ്ട്) | - |
| Nirmal Puraskar | 189537 | 0 | 189537 | 0 | 189537 | - |
| Other Awards From State Government | 0 | 300000 | 300000 | 0 | 300000 | - |
| Grants Funds Contributions For Other Specific Purposes | 0 | 9562 | 9562 | 0 | 9562 | |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | എ.സി.ആർ. പ്രകാരം | | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | നീക്കിയിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
| വികസന ഫണ്ട്(ജനറൽ) | 11256272 | 10867146 | 389126 | 11256272 | 15276056 | -4019784 |
| വികസന ഫണ്ട്(എസ്.സി.പി) | 9770412 | 7379220 | 2391192 | 9770412 | 7599808 | 32035296 |
| വികസന ഫണ്ട് (റ്റി.എസ്.പി) | 32294 | 0 | 0 | 32294 | 14706 | 8247 |

## 1-4-2 വിവിധ ഗ്രാന്റുകൾ വിനിയോഗിക്കാൻ അവശേഷിക്കുന്നു.

2018-19 ൽ ചെലവഴിക്കാതെ അവശേഷിച്ചിരുന്ന വിവിധ ഗ്രാന്റുകൾ 2019-20ലും ചെലവഴിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ഗ്രാന്റിനത്തിലെ വിവിധ വരവ് ചെലവുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

| ഹെഡ് | ഇനം | തുക |
|---|---|---|
| 320100115 | Cenntrally Ssponsored Scheme -Total Sanitation Campaign | 229920 |
| 320200322 | Grants From Suchithwa Mission | 660474 |
| 320300103 | Grants Funds Contributions -Total Sanitation | 608015 |
| 320700104 | Contributions For Joint Venture Projects- Block Share(Capital Contributions) | 105775 |

ഓഡിറ്റ് എൻക്വയറി 1 പ്രകാരം അപാകത സ്ഥാപനത്തിനെ അറിയിച്ചിട്ടുണ്ട്.

## 1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (എ.എഫ്.എസ് പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം (സ്ഥാപനം ലഭ്യമാക്കിയ സ്റ്റേറ്റ്മെൻറ് പ്രകാരം) |
|---|---|---|
| തൊഴിൽ രഹിത വേതനം | 296520 | 470 |
| കർഷക തൊഴിലാളി പെൻഷൻ | 4239600 | 767 |
| വിധവാപെൻഷൻ | 6509400 | 1146 |
| വാർദ്ധക്യകാല പെൻഷൻ | 11866800 | 2071 |
| വികലാംഗ പെൻഷൻ | 2330100 | 410 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 420000 | 14 |

| | | |
|---|---|---|
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 127200 | 22 |

ബി ഫണ്ട് രജിസ്റ്റർ, ലഭിച്ച അപേക്ഷകളും അനുബന്ധ രേഖകളും എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.29/27.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം

| | | | |
|---|---|---|---|
| 1 | 2019-20 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1646 | |
| 2 | 2019-20 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 361 | |
| 3 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 4567 | |
| 4 | 2019-20 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | | |
| സ്ത്രീ | പുരുഷൻ | ആകെ | |
| 195212 | 34904 | 230116 | |
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
| 19790 | 0 | 210326 | 230116 |
| 5 | 2019-20 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 3122 | |
| 6 | 2019-20 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 1018 | |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ തൊഴിൽ രഹിത വേതനം വിതരണം ചെയ്തിട്ടുണ്ടെങ്കിൽ അയതിന്റെ വിവരം | ഇല്ല | |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ വിതരണം ചെയ്ത വേതനം | 68687965 | |
| 9 | 2019-20 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 6953805 | |
| 10 | സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ | 2019-20 -ൽ പൂർത്തീകരിച്ചു | |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്, ജല സംരക്ഷണം | 109 | 53192000 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 75 | 8542160 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 2 | 81935 |
| 4 | നടപ്പാത | 7 | 336030 |
| 5 | വ്യക്തിഗത ആസ്തികൾ | 168 | 6535840 |
| | ആകെ | 361 | 68687965 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് (വാർഷിക ധനകാര്യപത്രിക പ്രകാരം)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9052 | 1591641 | 1600693 | 1597692.25 | 3000.75 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 70285657 | 70285657 | 70285657 | 0 |
| 100 തൊഴിൽ ദിനം പൂർത്തീയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 1394000 | 1394000 | 1394000 | 0 |
| ആകെ | 9052 | 73271298 | 73280350 | 73277349.25 | 3000.75 |

## 1-6-1 തൊഴിലുറപ്പ് പദ്ധതി-വാർഷിക ധനകാര്യപത്രികയിലെ തുക ഇ.എഫ്.എം.എസ് തുകയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യപത്രിക (I-6, I-14(A)) പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ആകെ ചെലവഴിച്ച (ഭരണചെലവുകൾ, ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്) തുകയും (71883350) എം.ജി.എൻ.ആർ.ഇ.ജി.എസ് ഇ.എഫ്.എം.എസ് സ്റ്റേമെന്റ് പ്രകാരമുള്ള തുകയും (70287657) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം 28-ന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 കമ്മിറ്റികളുടെ പ്രവർത്തനം

1)തീരുമാനങ്ങളുടെ നടപ്പാക്കൽ.

4-6-19ലെ 20-1ാം നം. തീരുമാനം പ്രകാരം നിഷ്ക്രിയമായി കിടക്കുന്ന അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തിരിച്ചടയ്ക്കണമെന്ന സർക്കാർ നിർദേശത്തിന്മേൽ ഗ്രാമപഞ്ചായത്തിലെ റ്റി.എസ്.സി.അക്കൗണ്ടിൽ 2,43,961/-രൂപ അവശേഷിക്കുന്നുവെന്നും ആയതു തിരികെ അടയ്ക്കണമെന്നുമുള്ള വി.ഇ.ഒ.യുടെ 29-4-19ലെ കത്തിന്മേൽ തുക തിരികെ അടയ്ക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു. പ്രസ്തുത അക്കൗണ്ട് 2019-20ലെ AFSൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.33/19-20) മറുപടി ലഭ്യമാക്കിയില്ല. തുക തിരിച്ചടച്ചത് സംബന്ധിച്ച രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

## 1-7-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

1)ചെലവു തുക തിരികെ ഈടാക്കണമെന്ന വ്യവസ്ഥയിന്മേൽ ദുരന്ത നിവാരണ കർമ്മ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കില സംഘടിപ്പിച്ച പരിശീലനത്തിന് 27,600/- രൂപ ചെലവായിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക തിരികെ ഈടാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. വിശദവിവരം ഖ: 1-10ൽ ചേർത്തിരിക്കുന്നു.

2) കറന്റ് ചാർജിന്റെ പലിശയിനത്തിൽ ഭീമമായ തുക അടയ്ക്കുന്നതിന് KSEB നോട്ടീസ് നല്കിയെങ്കിലും ആയതിന് ഇളവനുവദിക്കുന്നതിന് ഒറ്റതവണ തീർപ്പാക്കലിനായി (One Time Settlement) പഞ്ചായത്തിന് തീയതി നല്കിയിരുന്നു. എന്നാൽ പ്രസ്തുത അറിയിപ്പ് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടാതിരുന്നതിനാലും യഥാസമയം തുക അടവാക്കാതിരുന്നതിനാലും റവന്യൂ റിക്കവറി നോട്ടീസ് ലഭിക്കുകയും പലിശ തുക മുഴുവനും പഞ്ചായത്തു അടവാക്കുകയും ചെയ്തു. വിശദവിവരം ഖ: 1-23ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ തനതുഫണ്ട് ചെലവുകളിന്മേൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ അനിവാര്യമാണ്

## 1-8 ക്യാഷ് വെരിഫിക്കേഷൻ

സ്ഥാപനത്തിന്റെ 2019-20 ഓഡിറ്റിന്റെ ഭാഗമായി 24/03/2021 -ൽ ക്യാഷ് പരിശോധന നടത്തി. പരിശോധനയിൽ 25,973/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 അവധികൾ ക്രമീകരിക്കണം

ഗ്രാമപഞ്ചായത്ത് ആഫീസിലെ ഹാജർ പുസ്തകം പരിശോധിച്ചതിൽ ഓഫീസ് അറ്റൻഡന്റായി ജോലി നോക്കിവരുന്ന ശ്രീ.സെൽവരാജ് 2019 ജനുവരി മാസം മുതൽ ഡിസംബർ 31 വരെ 24 ആകസ്മിക അവധികളും, ജൂലായ് മാസത്തിൽ 14 അവധികളും എടുത്തതായി കണ്ടെത്തി. ജൂലായ് മാസത്തിൽ എടുത്ത 14 അവധികൾ ഏത് തരം അവധിയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. മേൽ ജീവനക്കാരന്റെ നാളിതുവരെയുള്ള അവധികൾ സർവീസ് ബുക്കിൽ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 ദുരന്തനിവാരണ ആസൂത്രണം--തുക തിരികെ ഈടാക്കിയിട്ടില്ല.

2019-2020 വർഷത്തിലെ ദുരന്തനിവാരണ ആസൂത്രണത്തിന്റെ നാലാം ഘട്ടത്തിന്റെ പരിശീലത്തിനായി ചെലവാക്കുന്ന തുക കിലയുടെ 25-1-2020-ാം തിയതിയിലെ 2020/101/500/HQ നമ്പർ ഉത്തരവ് പ്രകാരം ഒറിജിനൽ വൗച്ചർ കിലയിലേയ്ക്ക് നൽകി റീകൂപ്പ് ചെയ്യാമെന്ന് ഉത്തരവായിട്ടുണ്ട്. രണ്ട് ദിവസങ്ങളിലായി നടത്തിയ പരിശീലനത്തിനായി ഭക്ഷണം നൽകിയയിനത്തിൽ 5/2/2020-തിയതിയിലെ 2190088 നമ്പർ വൗച്ചർ പ്രകാരം 27,600/-രൂപ എസ്.എസ്.രാജ് കാറ്ററിംഗ് എന്ന സ്ഥാപനത്തിന് നൽകി. കിലയുടെ മേൽ നമ്പർ ഉത്തരവ് പ്രകാരം പരിശീലനത്തിനായി വാർഡ് ഒന്നിന് 20 പേരെ വീതം പങ്കെടുപ്പിക്കാമെന്നും, ഭക്ഷണം, പരിശീലനം, സാമഗ്രികളുടെ വാങ്ങൽ എന്നിവയ്ക്കായും ഒരാളിന് പരമവാധി 120/- രൂപനിരക്കിലും, റിസോഴ്സ് പേഴ്സണിന് 1150/-(800+350)രൂപ നിരക്കിലും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാമെന്നും ഉത്തരവായതിൻ പ്രകാരം പദ്ധതിക്കായി 27,600/- രൂപ (വൗച്ചർ പ്രകാരം) ചെലവഴിച്ചതായി കണ്ടെത്തി. പദ്ധതിക്കായി എത്ര രൂപ ചെലവാക്കിയെന്നും, ചെലവ് തുക റീകൂപ്പ് ചെയ്തിട്ടുണ്ടോയെന്നും ആരാഞ്ഞ് നൽകിയ അന്വേഷണ കുറിപ്പ് 22/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 27,600/-രൂപയും റിസോഴ്സ് പേഴ്സണിന് തുക നൽകിയിട്ടുണ്ടെങ്കിൽ ആ തുകയും മറ്റ് ചെലവുകൾ ഉണ്ടെങ്കിൽ ആ തുകയും ഉൾപ്പെടെ പദ്ധതിക്കായി ചെലവഴിച്ച മൊത്തം തുകയും കിലയിൽ നിന്നും റീക്ലപ്പ് ചെയ്തത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ആസ്തി രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ തൻവർഷം ആർജ്ജിച്ച ആസ്തികളുടെ മൂല്യം, ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത എന്നിവ ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല. 08.11.2018- ലെ പഞ്ചായത്ത് ഡയറക്ടറുടെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് /വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.25/27.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 മാന്വൽ രസീതുകളുടെ ക്യാൻസലേഷൻ

രസീതുകൾ ക്യാൻസൽ ചെയ്യുമ്പോൾ കാരണം വ്യക്തമാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷത്തെ മാനവൽ രസീതുകൾ പരിശോധിച്ചപ്പോൾ മേൽ മാനദണ്ഡങ്ങൾ പാലിച്ചു കാണുന്നില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നം./ തീയതി | അപാകത |
|---|---|---|---|
| 1 | 46117 | 18/29.11.2019 | കാരണം വ്യക്തമാക്കുകയോ സാക്ഷ്യപ്പെടുത്തകയോ ചെയ്യുന്നില്ല. |
| 2 | 46117 | 55/04.12.2019 | കാരണം വ്യക്തമാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. |
| 3 | 46117 | 65/05.12.2019 | കാരണം വ്യക്തമാക്കുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. |
| 4 | 46111 | 79 | സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. |
| 5 | 46118 | 84-100 | സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/26.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 യാത്രാ ബത്തകൾ--രേഖകളുടെ കൃത്യത ഉറപ്പു വരുത്തിയിട്ടില്ല.

ആഫീസ് ആവശ്യത്തിനായി മറ്റു ആഫീസുകളിലേക്ക് തപാലുകൾ, മറ്റ് രേഖകൾ കൊണ്ടുപോയയിനത്തിൽ പഞ്ചായത്ത് ജീവനക്കാർ യാത്രാ ബത്ത കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ മേൽ യാത്രകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മൂവ്മെൻറ് രജിസ്റ്ററിൽ യാത്രാവിവരങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും ലോക്കൽ ഡെലിവറി ബുക്കിൽ തപാൽ നല്കിയതിന്റെയോ, തപാൽ

ലഭിക്കേണ്ട ഓഫീസിലെ കൈപ്പറ്റ് വിവരങ്ങളോ (സാക്ഷ്യപ്പെടുത്തൽ, ഓഫീസ് സീൽ) ഇല്ല. കൂടാതെ, പ്രസ്തുത ദിനങ്ങളിൽ ഹാജർ പുസ്തകത്തിൽ മറ്റു ജോലികൾക്കു (O/D) പകരം ഹാജർ രേഖപ്പെടുത്തിയിട്ടുമുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ തസ്തിക | തപാൽ നം./ തീയതി | തപാൽ ലഭിക്കേണ്ട ആഫീസ് | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | സെൽരാജ്, ഒ.എ. | A3-6695/18,26-4-19 | D.D.P.ആഫീസ് | 320/- |
| 2 | സെൽരാജ്, ഒ.എ | A3-1719/19.3-4-19 | ഹരിതമിഷൻആഫീസ്. | 320/- |
| 3 | സെൽരാജ്, ഒ.എ | A3-3294/19, 10-5-19 | D.D.P.ആഫീസ്. | 320/- |
| 4 | സെൽരാജ്, ഒ.എ | A1-3494/19, 7-6-19. | മനുഷ്യാവകാശ കമ്മീഷൻ | 320/- |
| 5 | സെൽരാജ്, ഒ.എ | B1-3521/19,20-6-19 | പോലീസ് സ്റ്റേഷൻ,പാറശ്ശാല. | 320/- |
| 6 | സെൽരാജ്, ഒ.എ | A2.123/19,2-9-19 | കെ.എസ്.ഇ.ബി, മാരായമുട്ടം. | 320/- |
| 7 | സെൽരാജ്, ഒ.എ | A2-123/19,28-9-19 | കെ.എസ്.ഇ.ബി, കുന്നത്തുകാൽ | 320/- |
| 8 | സിന്ധു എൽ., ഒ.എ | B1-3201/19,9-5-19 | പത്രം ആഫീസ്, പാറശ്ശാല | 250/- |
| 9 | സിന്ധു എൽ., ഒ.എ | B1-3201/19,15-5-19 | പത്രം ആഫീസ്, പാറശ്ശാല | 250/- |
| 10 | സിന്ധു എൽ., ഒ.എ | B1-3426/19,12-6-19 | പത്രം ആഫീസ്, പാറശ്ശാല | 250/- |
| 11 | സിന്ധു എൽ., ഒ.എ | B2-121/19,22-6-19 | | 250/- |
| 12 | സിന്ധു എൽ., ഒ.എ | A3-123/19, 3-8-19 | ട്രഷറി, പാറശ്ശാല | 250/- |
| 13 | സിന്ധു എൽ., ഒ.എ | A1-5220/19,8-8-19 | ട്രഷറി, പാറശ്ശാല | 250/- |
| 14 | സിന്ധു എൽ., ഒ.എ | | ട്രഷറി, പാറശ്ശാല | 250/- |
| 15 | കെ.പി.പ്രദീപ്, ലൈബ്രേറിയൻ | A1-4577/19, | കളക്ട്രേറ്റ്, തിരുവനന്തപുരം | 320/- |

തപാൽ എത്തിക്കുന്ന ജീവനക്കാരൻ യഥാർത്ഥത്തിൽ യാത്ര നടത്തിയെന്നും, ലഭിക്കേണ്ട ആഫീസിൽ പ്രസ്തുത തപാൽ ലഭിച്ചുവെന്നും ഉറപ്പുവരുത്തിയ ശേഷം യാത്രാ ബത്തകൾ അനുവദിക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ലൈഫ് ഭവനപദ്ധതി -അനർഹർക്ക് നൽകിയ തുക തിരിച്ചു പിടിക്കേണ്ടതാണ്.

കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരം കണ്ട് ഒരു നവകേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ നടപ്പിലാക്കിയ നവകേരളം എന്ന പദ്ധതിയിൽ ഉൾപ്പെട്ട നാല് വികസന മിഷനുകളിൽ ഒന്നാണ് സമ്പൂർണ്ണ പാർപ്പിടം അഥവാ ലൈഫ് മിഷൻ. സ്വന്തമായി ഭൂമിയുള്ളവർക്ക് വീട് പൂർത്തിയാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ധനസഹായം ഉറപ്പാക്കുകയും, നിർമ്മാണം അപൂർണ്ണമായ വീടുകളുടെ പൂർത്തികരണത്തിന് സഹായം ലഭ്യമാക്കുകയും, അതോടൊപ്പം ഭൂരഹിത ഭവന രഹിത കുടുംബങ്ങൾക്ക് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുകയും സ്വന്തം ജീവനോപാധി കണ്ടെത്താനുള്ള കൈത്താങ്ങും ലൈഫ് മിഷൻ ലക്ഷ്യമിടുന്നു. പദ്ധതിയിലെ ഗുണഭോക്താക്കളെ കുടുംബശ്രീ സർവ്വെയിലൂടെ കണ്ടെത്തി തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകുകയും, സ്ഥാപനം അത് സ്ക്രൂട്ടിനി ആൻഡ് അപ്പീൽ കമ്മിറ്റിക്ക് നൽകി അനർഹരെ ഒഴിവാക്കി കുറ്റമറ്റ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നു. ആ പട്ടികയിൽ നിന്നും ക്രമപ്രകാരം ധനസഹായം അനുവദിക്കുന്നു. എന്നാൽ കൊല്ലയിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും ധനസഹായം ലഭിച്ച 3 ഗുണഭോക്താക്കൾ അനർഹർ എന്ന് കണ്ടെത്തി. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/തിയതി | ബിൽ നം. | തിരിച്ചടവിന്റെ വിവരം |
|---|---|---|---|---|
| 1 | സുമംഗല---VIII | 40000/-21-8-2018 | BRN-180205520872004564719 (Plan Fund) | തിരിച്ച് അടവാക്കിയിട്ടില്ല. |
| 2 | വിജി----XIII | 40000/-11-9- | BRN- | 8-11-2018-ൽ തിരിച്ചു അടച്ചു. |

| | | | | |
|---|---|---|---|---|
| | | 2018 | 18020552087200513275 (Plan Fund) | |
| 3 | മേരി ഷീബ--XV | 40000/-29-8-2018<br>160000/-5-1-2019<br>60000/-30-3-2019 | BRN-18020552087200513275<br>Hudco Loan<br>Hudco Loan | 40000/-രൂപ 15-2-2020-ൽ തിരിച്ച് അടവാക്കി.<br>(160000+60000=220000/-ഇനിയും തിരിച്ച് അടവാക്കിയിട്ടില്ല.) |

ഇപ്രകാരം അനർഹർക്ക് ധനസഹായം ലഭിച്ചതിന്റെ കാരണം ആരാഞ്ഞ് നൽകിയ അന്വേഷണകുറിപ്പ് 3/2021-ന് നൽകിയ മറുപടിയിൽ സുമംഗല എന്ന ഗുണഭോക്താവിന് മുമ്പ് E.M.S.ഭവനപദ്ധതി പ്രകാരം വീട് ലഭിച്ചിട്ടുണ്ടെന്നും, വിജി എന്ന ഗുണഭോക്താവിന് മറ്റൊരു പഞ്ചായത്തിൽ സ്വന്തമായി വീട് ഉള്ളതിനാൽ കൈപ്പറ്റിയ തുക തിരിച്ച് അടവാക്കിയതായും, മേരി ഷീബയെന്ന ഗുണഭോക്താവിന് നെയ്യാറ്റിൻകര നഗരസഭയിൽ നിന്നും വീട് ലഭിച്ചതായും അറിയിച്ചു. അനർഹരെ ഒഴിവാക്കി കുറ്റമറ്റ രീതിയിൽ തയ്യാറാക്കിയ അന്തിമ പട്ടികയിൽ നിന്നും ധനസഹായം നൽകേണ്ട പദ്ധതിയിൽ അനർഹരായ മൂന്ന് പേർ കടന്ന് കൂടി ധനസഹായം കൈപ്പറ്റിയതിൽ പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പിൽ വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.നം34/2018/ത.സ്വ.ഭ.വ. തിയതി.16-3-2018 പ്രകാരം (ലൈഫ് ഗുണഭോക്താക്കൾ നിർവഹണോദ്യോഗസ്ഥനുമായി ചേർന്ന് തയ്യാറാക്കിയ കരാറിലെ മൂന്നാം വ്യവസ്ഥ പ്രകാരം വ്യാജരേഖകൾ ഹാജരാക്കിയോ, തെറ്റിധരിപ്പിച്ചോ മറ്റേതെങ്കിലും തരത്തിലോ അനർഹർ എന്ന് കണ്ടെത്തുന്ന പക്ഷം ഒന്നാം കക്ഷിയായ ഗുണഭോക്താവിനെ ഒഴിവാക്കാമെന്നും ആ അവസരത്തിൽ ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക12% പലിശ സഹിതം തിരിച്ച് അടവാക്കാൻ ഒന്നാം കക്ഷി സമ്മതിച്ചിട്ടുള്ളതിനാൽ ഇപ്രകാരം 2 അനർഹർക്കായി നൽകിയ 260000/-രൂപ 12% പലിശ സഹിതം അടിയന്തരമായി തിരിച്ച് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മോണിറ്ററിംഗ് നടത്തിയിട്ടില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ ഖണ്ഡിക 13 പ്രകാരം പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവ്വഹണത്തിന് ശേഷം മോണിറ്ററിംഗ് റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതുണ്ട് . എന്നാൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ നടപ്പിലാക്കിയ ക്ഷീര സമൃദ്ധി പദ്ധതികളിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി രൂപപ്പെട്ട് മോണിറ്ററിംഗ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി6). മോണിറ്ററിംഗ് കൃത്യമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

## 1-16 അവസ്ഥാ രേഖ പ്രകാരമുള്ള പദ്ധതി രൂപീകരിച്ചില്ല.

2019-20 പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി 22.10.2018 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പ്രകാരം കന്നുകട്ടി പരിപാലനം പദ്ധതിയുടെ ആവശ്യകത ചർച്ച ചെയ്തിട്ടുണ്ട്. വാർഡ് 12,14,1,3, എന്നീ വർഡുകളിലെ ഗ്രാമ സഭാ മിനിട്സ് പ്രകാരവും പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലും പദ്ധതി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത രേഖപ്പെടുത്തിയിട്ടുണ്ട്. 2019-20 പദ്ധതിലരൂപീകരണത്തിന്റെ ഭാഗമായി 5.12.2018 ൽ കൂടിയ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ പദ്ധതി ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 5നുള്ള മറുപടിയായി ഫണ്ട് ലഭ്യത ഇല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണം സ്ഥാപനത്തിന്റെ അവസ്ഥാരേഖക്ക് അനുസൃതമായിരിക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഷയത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണ സമിതിയുടെയും ഇടപെടൽ അനിവാര്യമാണ്.

## 1-17 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം. ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറി നം5/23.3.2021 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷകൾ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഏറ്റവും അർഹരായവർക്ക് തന്നെയാണ് പദ്ധതികളുടെ ആനുകൂല്യം ലഭിച്ചത് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-18 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ

അതോറിറ്റിയ്ക്ക് തുക കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടുകളുടെ പൂർത്തീകരണം , വിനിയോഗം എന്നിവ സംബന്ധിയായ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | അടങ്കൽ തുക | ഫണ്ടിനം | ചെലവ് തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| സൂപ്പർ മുക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(145/20) | 290000 | ധനകാര്യകമ്മീഷൻ അവാർഡ് | 290000 | 03/19-20 /12.06.19 |
| അയണംകോട്-തേവരത്തലവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(146/20) | 90000 | ധനകാര്യകമ്മീഷൻ അവാർഡ് | 90000 | 02/19-20/12.06.19 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-20/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-19 ജാഗ്രത സമിതി നടപ്പിലാക്കിയിട്ടില്ല.

അനിവാര്യ പ്രോജക്ടുകളിലൊന്നായ “ ജാഗ്രത സമിതി പ്രവർത്തനങ്ങൾ”ക്ക് 2019-20 സാമ്പത്തിക വർഷം 50,000/- രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല. പദ്ധതി അംഗീകാരം ലഭിച്ച നമ്പർ, തീയതി, പദ്ധതി സ്പിൽ ഓവർ ആയി നടപ്പിലാക്കിയിട്ടുണ്ടങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/27.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 കാലാവധി ദീർഘിപ്പിക്കൽ പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 18.08.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എഗ്രീഡ്.പി.എ.സി | കരാറുക്കാരൻ | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ് (165/20) സ്പിൽ ഓവർ | 95213 | സതികമാർ | 16.10.2018 | 16.02.2019 | 18.03.2019 | 952 |
| ഗവ.യൂ.പി.എസ്. മഞ്ചവിളാകം സ്കൂൾ ടോയ് ലറ്റ് നിർമ്മാണം (173/20)സ്പിൽ ഓവർ | 259965 | സജിൻ.ജി.എസ് | 08.03.2019 | 08.05.2019 | 09.10.2019 | 6123 |
| എൽഎം.എസ്. എൽ.പി.എസ് | 259665 | പ്രദീപ് | 08.03.2019 | 08.05.2019 | 18.09.2019 | 4904 |

| | | | | | | |
|---|---|---|---|---|---|---|
| ഉദിയം കുളംസ്കൂൾ ടോയ് ലറ്റ് നിർമ്മാണം (174/20) സ്പിൽ ഓവർ | | | | | | |
| തൃപ്പലവൂർ പുന്നക്കാല റോഡ് സെക്കന്റ് മെറ്റലിംഗ് &ടാറിംഗ് (195/20) സ്പിൽ ഓവർ | 291220 | പ്രദീപ്.ഡി | 28.12.2018 | 28.04.2019 | 18.07.2019 | 2912 |
| പൂവത്തൂർ-മൊട്ടക്കാവ് റോഡ് മെറ്റലിംഗ്&ടാറിംഗ് (193/20) സ്പിൽ ഓവർ | 293970 | പ്രദീപ്.ഡി | 30.07.2018 | 30.11.2018 | 18.07.2019 | 11888 |
| പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം (172/20) സ്പിൽ ഓവർ | 294930 | ചന്ദ്രൻ.എച്ച് | 06.02.2019 | 06.05.2019 | 23.092019 | 6029 |
| ആകെ | | | | | | 32808 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-20/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 റേഷൻകടകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം പഞ്ചായത്തു പരിധിയിൽ ലൈസൻസ് കൂടാതെ സ്ഥാപനം പ്രവർത്തിക്കുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരിക്കുന്നു. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ, കൊല്ലയിൽ ഗ്രാമ പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 31/29.03.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകൾക്ക് ലൈസൻസ് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് പരിധിക്കുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം വാർഡ് നം. 14 ഉദിയൻകുളങ്ങരയിൽ 72 വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ 60 സ്ഥാപനങ്ങൾ മാത്രമാണ് 2019-20 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.
2. 2019-20 സാമ്പത്തിക വർഷം വാണിജ്യാവശ്യത്തിനായി 1065 കെട്ടിടങ്ങൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. ആകെ 204 സ്ഥാപനങ്ങൾക്കാണ് തൻവർഷം ലൈസൻസ് നൽകിയിട്ടുള്ളത്. വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ വിലയിരുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് എടുക്കുന്നതിന് ഡിമാൻറ് ചെയ്യേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.31/29.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രയോജനപ്പെടുത്തുന്നില്ല- വൻ തുക നഷ്ടപ്പെടാൻ സാധ്യത.

19-12-2007-ൽ No-BB/07-08/40 നമ്പരായി ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൺസ്യൂമർ നം 4330-ൽ 138750/-രൂപ പുതിയതായി സ്ഥാപിച്ചിട്ടുള്ള 10സോഡിയം വേപ്പർ ലാമ്പുകൾക്ക് 6/2004 മുതൽ 37 മാസത്തേയ്ക്ക് (10x375x37=138750/-) കുടിശ്ശികയുള്ളതായും മേൽ കുടിശ്ശിക തുക ഇതിന് മുമ്പ് അടവാക്കിയിട്ടില്ലായെന്നും കൂടാതെ കുടിശ്ശിക തുകയും പലിശയും ഈടാക്കാൻ ബില്ലിന്റെ അവസാന തീയതി കഴിയുമ്പോൾ റവന്യൂ റിക്കവറിയ്ക്ക് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. എന്നാൽ അതിനുള്ള മറുപടിയിൽ യഥാസമയം ബില്ലുകൾ നൽകാതെ കുടിശ്ശികയും പിഴപ്പലിശയും ഈടാക്കുന്നത് ശരിയല്ലായെന്നും സംയുക്ത പരിശോധന നടത്താൻ മൂന്ന് തവണ കത്ത് നൽകിയിട്ടും കെ.എസ്.ഇ.ബി. നാളിതുവരെ പ്രതികരിച്ചിട്ടില്ലായെന്നും ആയതിനാൽ സംയുക്തപരിശോധന നടത്തുന്നതുവരെ നടപടി അവസാനിപ്പിക്കണമെന്നും 3-1-2008-ലെ Iv-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.യെ പഞ്ചായത്ത് അറിയിച്ചു. എന്നാൽ കുടിശ്ശികയായി 138750/-രൂപയും സർചാർജായി 16650/-രൂപയും ഉൾപ്പെടെ 155400/-രൂപയുടെ നോട്ടീസ് കെ.എസ്.ഇ,ബി. വീണ്ടും നൽകി. 13-3-2008-ലെ No-BB/07-08/3-ാം നമ്പരായി 155400/-രൂപ 28-3-2008-ന് മുമ്പ് അടവാക്കിയില്ലായെങ്കിൽ റവന്യൂ റിക്കവറിയ്ക്ക് ശുപാർശ ചെയ്യുന്നതാണെന്നും വീണ്ടും അറിയിച്ചു. മേൽ ശിപാർശയുടെ അടിസ്ഥാനത്തിൽ റവന്യൂവകുപ്പിൽ നിന്നും 17-8-2009 തിയതി D11-2852/2009-നമ്പരായി 149850/-രൂപയുടെ റിക്കവറി നോട്ടീസ് റവന്യൂ വകുപ്പിൽ നിന്നും പഞ്ചായത്തിന് ലഭിച്ചു. ആയതിന് ശേഷം കെ.എസ്.ഇ.ബി. 12-7-2010-ൽ NB/ES/UDA/RA/2010-11/33 നമ്പർ കത്ത് പ്രകാരം 149850/-രൂപ റവന്യൂ അദാലത്ത് പ്രകാരം തീർപ്പാക്കാൻ അവസരം ഉള്ളതായും അതിൽ

പങ്കെടുക്കണമെന്നും പഞ്ചായത്തിനെ അറിയിച്ചുവെങ്കിലും പഞ്ചായത്ത് റവന്യൂ അദാലത്തിൽ പങ്കെടുത്തില്ല. കെ.എസ്.ഇ.ബി. വീണ്ടും 1-9-2018ലെ-BB/Audit/18-19/44 നമ്പർ കത്ത് പ്രകാരം കെ.എസ്.ഇ.ബി. യിൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടക്കുന്നതിനാൽ കുടിശ്ശിക തീർപ്പാക്കാനും പലിശയിൽ വൻ ഇളവുകൾ നേടാനും 31-12-2018-വരെ സമയം ഉള്ളതായും അറിയിച്ചു. എന്നാൽ അപ്രകാരമുള്ള അവസരവും പഞ്ചായത്ത് ഉപയോഗപ്പെടുത്തിയില്ല. 3-4-2019-ൽ നെയ്യാറ്റിൻകര റവന്യൂ റിക്കവറി തഹസീൽദാരുടെ ജപ്തി നടപടിയുടെ ഭാഗമായി പഞ്ചായത്തിന്റെ അക്കൗണ്ട് മരവിപ്പിക്കുന്നതാണെന്ന മുന്നറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ So-210/2010 നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി 18-11-2019-ലെ 23/19 നമ്പർ ബിൽപ്രകാരം 150000/- കെ.എസ്.ഇ,ബി.ക്കും, 494537-ാം നമ്പർ ഡി.ഡി.യായി 7428/-(സി.സി.)രൂപ തഹസീൽദാർക്കുമായി ആകെ 157428/-രൂപയും അടവാക്കി. ഇപ്രകാരം തുക അടവാക്കുക വഴി കെ.എസ്.ഇ.ബിയുടെ ഡിമാൻറ് പഞ്ചായത്ത് അംഗീകരിച്ചു. എന്നാൽ 30-11-2019-ൽ കെ.എസ്.ഇ.ബി. BB/OTS/2019നമ്പർ കത്ത് പ്രകാര 150000/രൂപ അടവാക്കിയതായും പലിശയിനത്തിൽ 381052/-രൂപ ഇനിയും അടവാക്കണമെന്നും, ആയത് തീർപ്പാക്കാൻ 11-2019-വരെ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി ഉള്ളതായും പഞ്ചായത്തിനെ അറിയിച്ചു. ആയതിൽ മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കാൻവേണ്ടി നൽകിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 5-2-2021-ലെ ഓഫീസ് ഓഡർ (CMD)NO-226/2021(TRAC/GL/OTS-2021/20-21 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ കെ.എസ്.ഇ.ബി-യിൽ 31-3-2021-വരെ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 15വർഷത്തിൽ മേൽ പഴക്കമുള്ള കുടിശ്ശികയ്ക്ക് 4% പലിശ മാത്രം ഈടാക്കി കുടിശ്ശിക തീർപ്പാക്കാൻ അവസരം ലഭിച്ചിട്ടും കുടിശ്ശിക തീർപ്പാക്കാൻ പഞ്ചായത്ത് ഭരണസമിതി നാളിതു വരെ നടപടി സ്വീകരിച്ചിട്ടില്ലായെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. ഇപ്രകാരം ഒറ്റ തവണ തീർപ്പാക്കൽ പദ്ധതിയിൽ 4 അവസരങ്ങൾ കിട്ടിയിട്ടും സംയുക്ത പരിശോധന നടത്തിയിട്ടില്ലായെന്ന ഒറ്റ കാരണത്താൽ 6/2007 വരെയുള്ള കുടിശ്ശിക കൃത്യ സമയത്ത് തീർപ്പാക്കാൻ നടപടി സ്വീകരിക്കാൻ ഭരണസമിതികൾക്ക് കഴിയാതെ പോയതിനാൽ കുടിശ്ശിക തുകമാത്രം അടവാക്കിയിട്ടും പലിശയിനത്തിൽ മാത്രം പഞ്ചായത്തിന് ഭീമമായ തുക (18% പലിശ നിരക്കിൽ ) ഇനിയും നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാൽ കുടിശ്ശിക തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 നടപടികൾ സ്വീകരിക്കാത്ത മുൻ റിപ്പോർട്ട് പരാമർശങ്ങൾ

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 36 ഖണ്ഡികകളിൽ 7 ഖണ്ഡികകൾക്ക് 02.12.2020 തീയതിയിലെ കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2064/2019 നമ്പർ പുനരഭിപ്രായക്കുറിപ്പ് പ്രകാരം തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. നിലനിൽക്കുന്ന 29 പരാമർശങ്ങളുടെ നിലവിലെ സ്ഥിതിയും തുടർ നടപടി വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-19/26.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## 2-1 കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി ദീർഘിപ്പിക്കേണ്ട സാഹചര്യങ്ങളിൽ കരാറുകാരൻ നിർവഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പി.എ.സി.യുടെ ഒരു ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 25%വരെ) ഈടാക്കിക്കൊണ്ട് ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്.തുടർന്നും ദീർഘിപ്പിക്കുന്ന പക്ഷം രണ്ട് ശതമാനം പിഴ (പൂർത്തീകരണ കാലാവധിയുടെ 50%വരെ) ഈടാക്കിക്കൊണ്ടും ദീർഘിപ്പിക്കാവുന്നതാണ്.തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ 18.08.2018 ലെ എ.സി.2/223/15 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ മൂന്ന് മാസക്കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയും പിഴ ഈടാക്കാതെയും ചുവടെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് | എഗ്രീഡ്.പി.എ.സി | കരാറുക്കാരൻ | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ് (165/20)സ്പിൽ ഓവർ | 95213 | സതികമാർ | 16.10.2018 | 16.02.2019 | 18.03.2019 | 952 |
| ഗവ.യൂ.പി.എസ്. മഞ്ചവിളാകം സ്കൂൾ ടോയ് ലറ്റ് | 259965 | സജിൻ.ജി.എസ് | 08.03.2019 | 08.05.2019 | 09.10.2019 | 6123 |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മാണം (173/20)സ്പിൽ ഓവർ | | | | | | |
| എൽഎം.എസ്. എൽ.പി.എസ് ഉദിയം കുളംസ്കൂൾ ടോയ് ലറ്റ് നിർമ്മാണം (174/20)സ്പിൽ ഓവർ | 259665 | പ്രദീപ് | 08.03.2019 | 08.05.2019 | 18.09.2019 | 4904 |
| തൂപ്പലവൂർ പുന്നക്കാല റോഡ് സെക്കന്റ് മെറ്റലിംഗ് & ടാറിംഗ് (195/20)സ്പിൽ ഓവർ | 291220 | പ്രദീപ്.ഡി | 28.12.2018 | 28.04.2019 | 18.07.2019 | 2912 |
| പൂവത്തൂർ-മൊട്ടക്കാവ് റോഡ് മെറ്റലിംഗ്& ടാറിംഗ് (193/20)സ്പിൽ ഓവർ | 293970 | പ്രദീപ്.ഡി | 30.07.2018 | 30.11.2018 | 18.07.2019 | 11888 |
| പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം (172/20)സ്പിൽ ഓവർ | 294930 | ചന്ദ്രൻ.എച്ച് | 06.02.2019 | 06.05.2019 | 23.092019 | 6029 |
| ആകെ | | | | | | 32808 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-20/2021-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിയമാനുസൃത പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച വർഷം | തുക | പദ്ധതിയുടെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1438348 | ലൈഫ് ഭവന പദ്ധതിക്കായി നൽകി (ചെക്ക് തുക 1440000) 2307917/30.8.19 | 1438348 | 0 |
| | | 327750 | സ്നേഹ സ്പർശം | 258000 (ചെക്ക് നമ്പർ 2307925) | 69750 |
| | | 400000 | ക്ഷീരസമൃദ്ധി | 400000 | 0 |
| | | 400000 | ക്ഷീരസമൃദ്ധി | 400000 | 0 |
| | | 300000 | കുന്നിലുവിള ചെറുവട്ടൂർകോണം | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നെടുമ്പറമ്പ് നടപ്പാത കോൺക്രീറ്റിംഗ് | | |
| ആകെ | | 2866098 * | | 2796348 | |
| സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതികളിൽ ഉൾപ്പെട്ട ഫണ്ട് വിവരം | | | | | |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2018-19 | 285098 | ലൈഫ് (ജനറൽ) സ്പിൽ ഓവർ | 1749 | 283349 |

* വാർഷിക ധനകാര്യപത്രിക പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 33,58,682/- രൂപ വരവ് വന്നതായി കാണിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയെ സാധൂകരിക്കുന്ന തരത്തിലുളള വിവരങ്ങൾ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. അപാകത ഓഡിറ്റ് എൻക്വയറി1 പ്രകാരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 349388 | ലൈഫ് ഭവന പദ്ധതി(ജനറൽ | 3493988 | 0 |
| | 2019-20 | 40800 | ജലശ്രീ കിണർ റീചാർജ്ജ് | 0 | 40800 |
| | ആകെ | 3534788 | | 3493988 | |
| സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതികളിൽ ഉൾപ്പെട്ട ഫണ്ട് വിവരം | | | | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 15347 | ലൈഫ് (ജനറൽ) സ്പിൽ ഓവർ | 15347 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

| തുക നൽകിയ സ്ഥാപനം | പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ വിവരം |
|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 145/20 സൂപ്പർമുക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 290000 | ലഭ്യമായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 146 /20അയണംകോട് തേവരത്തലവിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 90000 | |
| കെ.എസ്.ഇ.ബി | 138/20സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 196918 | |
| കെ.എസ്.ഇ.ബി | 261/20സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 40000 | |
| കെ.എസ്.ഇ.ബി | 142/20 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 268480 | |

വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ ഏജൻസികൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| സ്ഥാപനം | തുക |
|---|---|
| കെ.എസ്.ഇ.ബി | 1198575 |
| കേരള വാട്ടർ അതോറിറ്റി | 150000 |
| കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 165000 |

അപാകത ഓഡിറ്റ് എൻക്വയറി 1 മുഖാന്തിരം സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി വിനിയോഗിച്ച തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ -വായ്പ തിരിച്ചടവ് വിവരങ്ങൾ

| | 2018-19 ൽ അടയ്ക്കാനുള്ള ബാലൻസ് | 2019-20 ൽ ലഭിച്ച തുക | ആകെ | 2019-20 ൽ അടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹഡ്കോ | 54602805 | 5260000 | 59862805 | 4352941 | 55509864 |

| വായ്പ | | | | | |
|---|---|---|---|---|---|

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുക 55509863 ആണ്. വായ്പതിരിച്ചടവ് സ്രോതസ്സിൽ നിന്നും നേരിട്ട് കുറവ് ചെയ്തു.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റിൽ റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2004-06 | 3-4 | 2016-17 | 131 | കരിപ്പകാല കുടിവെള്ള പദ്ധതി-ഭക്ഷ്യധാന്യം കൈപറ്റിയിട്ടും കൺവീനർ പണി ആരംഭിച്ചിട്ടില്ല. | റിക്കവറി നടപടികൾ നടക്കുന്നു |

## 4-8 ചാർജ്ജ് സർചാർജജ് നടപടികളുടെ വിവരങ്ങൾ

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,10,97,957/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,12,35,404/- |
| നീക്കിയിരിപ്പ് | 1,25,94,763/- |
| വരവിനങ്ങളിന്മേലുള്ള നഷ്ടം | 32,808/- |
| ചെലവിനങ്ങളിന്മേലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | | 32,808/- | ശ്രീമതി.സിന്ധു.വി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സിന്ധു.വി.ജെ, അസിസ്റ്റന്റ് എഞ്ചിനീയർ | | ജഗന്നാഥ് ചൂഴാറ്റുകോട്ട മലയം.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.റ്റി.ഡി.ജി.പി.2/898/02 തീയതി.11.06.2014 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1684/04 തീയതി.11.06.2014 | 2 | |
| 2010-11 & 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 2 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി.22.05.2018 | 1 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1676/2016 തീയതി. | 6 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1126/18 തീയതി 22.05.2018 | 20 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2064/19 തീയതി 28.01.2020 | 29 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്